**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2698 07.12.2018 -ലെ മറുപടിക്ക്**

**<u>പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അടിയന്തരമായി വീടും സ്ഥലവും നൽകുവാൻ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഭൂമി നഷ്ടപ്പെട്ട 165 പട്ടികജാതി കുടുംബങ്ങൾക്ക് ഓരോർത്തർക്കും 6.00 ലക്ഷം രൂപ പരിധിക്കു വിധേയമായി 5 സെന്റ് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനും, വീട് പൂർണ്ണമായും തകർന്ന് വാസയോഗ്യമല്ലാതായ 2733 വീടുകൾ പുനർനിർമ്മിക്കുന്നതിന് 4.00 ലക്ഷം രൂപാ നിരക്കിൽ ധനസഹായം നൽകുന്നതിനും പട്ടികജാതി വികസന വകുപ്പ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ കുടുംബങ്ങളിൽ പൂർണ്ണമായും തകർന്ന വീടുകൾ നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ പദ്ധതി പ്രകാരം 6 ലക്ഷം രൂപയും, ഭാഗികമായി തകർന്ന 1220 വീടുകളുടെ പുനരുദ്ധാരണത്തിനായി ഭവന പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് ഒന്നിന് 1.50 ലക്ഷം രൂപ നിരക്കിലും ഭൂമി നഷ്ടപ്പെട്ടവർക്ക് ഭൂമി വാങ്ങി നൽകുന്നതിന് ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ലാന്റ് ബാങ്ക് മുഖേന ഭൂമി അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനു പുറമേ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പട്ടികജാതി കുടുംബങ്ങൾക്ക് 5000 രൂപ വീതവും പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 10000 |

| | | | |
|---|---|---|---|
| | | | രൂപ വീതവും പ്രത്യേക ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രളയത്തിൽ എത്ര പട്ടികജാതി/ പട്ടികവർഗ്ഗ കോളനികളും ഊരുകളും നശിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രളയത്തിൽ 4 പട്ടികജാതി കോളനികളും 32 പട്ടികവർഗ്ഗ കോളനികളുമാണ് നശിപ്പിക്കപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ